**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതലയുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നടപടിക്രമം (ഹാജർ : ശ്രീ.ജോമോൻ.കെ.ജോർജ്ജ്, ബി.ടെക്.)**

**ഉത്തരവ് നമ്പർ. ബി2/162/2021/സി.ഇ തീയതി: 30 /06/2021**

വിഷയം :- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് – ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 (സിവിൽ) തസ്തികയിൽ നിന്നും ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 (സിവിൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :- ഉത്തരവ് നം. ബി2-161/2021/സി.ഇ തീയതി.09/06/2021

ഈ വകുപ്പിലെ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ/ഓവർസിയർ(സിവിൽ-സർട്ടിഫിക്കറ്റ്)മാരായ ശ്രീ.എൻ.കെ.രാജീവൻ, ശ്രീമതി.ആർ.റജീന.ബീവി എന്നിവർക്ക് ബൈടാൻസ്ഫർ മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നിയമനം നൽകി പരാമർശ പ്രകാരം ഉത്തരവായിട്ടുണ്ട്. അപ്രകാരം ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 (സിവിൽ-സർട്ടിഫിക്കറ്റ്) തസ്തികയിൽ നിലവിൽ വന്ന 2 ഒഴിവുകൾ പ്രമോഷൻ മുഖാന്തരം നികത്തേണ്ടതുണ്ട്. രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ- സർട്ടിഫിക്കറ്റ്) മാരുടെ ഗ്രഡേഷൻ ലിസ്റ്റിലെ സീനിയോറിറ്റി പ്രകാരം ഏറ്റവും സീനിയറായ ശ്രീ. സി.ജെ. എബ്രഹാം ശൂന്യവേതനാവധിയിൽ തുടരുകയും അടുത്ത സീനിയറായ ശ്രീ. എ. മുനീറിന്റെ പ്രൊബേഷൻ പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും മാപ്പിളബേ സബ് ഡിവിഷനിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ ശ്രീ.കെ.ദിവാകരൻ, തോട്ടപ്പള്ളി സബ്ഡിവിഷനിലെ ശ്രീ.രാജേഷ്.എം.സുകുമാരൻ എന്നിവരാണ് സ്ഥാനക്കയറ്റത്തിന് അർഹരായിട്ടുള്ളത്. ഈ സാഹചര്യത്തിൽ താഴെപറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) ഹാർബർ എൻജിനീയറിംഗ് മാപ്പിളബേ സബ്ഡിവിഷനിലെ രണ്ടാംഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(സിവിൽ) ശ്രീ.കെ.ദിവാകരനെ 37400-79000/- രൂപ ശമ്പളസ്കെയിലിൽ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(സിവിൽ) ആയി സ്ഥാനക്കയറ്റം നൽകി കണ്ണൂർ അഴീക്കൽ സബ്ഡിവിഷനിൽ ശ്രീ.എൻ.കെ.രാജീവന്, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ നിയമിക്കുന്നു.

T6/Pr

2) രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ ഗ്രഡേഷൻ ലിസ്റ്റ് പ്രകാരം അടുത്ത സീനിയറും തോട്ടപ്പള്ളി സബ്ഡിവിഷനിലെ രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനുമായ ശ്രീ.രാജേഷ്.എം.സുകുമാരനെ 37400-79000/- രൂപ ശമ്പള സ്കെയിലിൽ ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാനായി സ്ഥാനക്കയറ്റം നൽകി തോട്ടപ്പള്ളി സബ്ഡിവിഷനിൽ നിലവിലുള്ള ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

ഒപ്പ്
ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക
ചുമതലയുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ശ്രീ.കെ.ദിവാകരൻ,
രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ

ശ്രീ.രാജേഷ്.എം.സുകുമാരൻ,
രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ

(മേലധികാരിമുഖേന)

പകർപ്പ് :
1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തോട്ടപ്പള്ളി/മാപ്പിളബേ/അഴീക്കൽ സബ് ഡിവിഷൻ
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കണ്ണൂർ ഡിവിഷൻ
3. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഉത്തരമേഖല, കോഴിക്കോട്.
4. ബി3, ബി4 സെക്ഷൻ
5. ഐ.റ്റി.സെൽ
6. ചീഫ് എഞ്ചിനീയറുടെ പി.എ

ഉത്തരവിൻപ്രകാരം,
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

ITcell

T6/Pr
50